ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 25.09.2024

പ്രധാന വാർത്തകൾ

TIME : 07.25 AM

1. മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരികെയെത്തി.

   **Prime Minister Narendra Modi arrived in New Delhi today after concluding his three-day visit to the United States.**

2. ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. ഇന്ന് വിധി എഴുതുന്നത് 26 മണ്ഡലങ്ങൾ.

   **In Jammu and Kashmir, voting for the second phase of Assembly Elections began on twenty six Assembly constituencies today.**

3. സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ നടപ്പാക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സുപ്രീം കോടതി നിർദേശം.

   **Supreme Court directs States and Union Territories to implement Centre's guidelines on safety and security of children in schools.**

4. ഉസ്ബെക്കിസ്ഥാനിൽ നടക്കുന്ന **Asian Infrastructure Investment Bank** ഗവർണർമാരുടെ യോഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് പങ്കെടുക്കും.

   **Union Minister Nirmala Sitharaman will attend the Annual Meeting of Board of Governors of Asian Infrastructure Investment Bank in Uzbekistan.**

5. കേരളത്തിൽ 16 പേരുടെ നിപ പരിശോധനാ ഫലം കൂടി നെഗറ്റീവ്. മലപ്പുറത്ത് നിയന്ത്രണം പിൻവലിച്ചു.

**In Kerala, Nipa 16 samples tested negative. The government lifts Nipah curbs in Malappuram.**

6. ലെബനനിലെ സംഘർഷ സാഹചര്യം അന്താരാഷ്ട്ര സമൂഹത്തിൽ ആശങ്കയുണ്ടാക്കുന്നതായി യുഎൻ.

**The conflict situation in Lebanon is causing concern to the international community, said UN.**

*******************************************

## HEADLINE-1

## PM RETURN

മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരികെയെത്തി. സന്ദർശന വേളയിൽ, ക്വാഡ് നേതൃതല ഉച്ചകോടിയിൽ പങ്കെടുത്ത പ്രധാനമന്ത്രി ന്യൂയോർക്കിൽ, ഐക്യരാഷ്ട്ര പൊതുസഭയുടെ ഉച്ചകോടിയെയും അഭിസംബോധന ചെയ്തു. ക്വാഡ് അംഗരാജ്യങ്ങളിലെ നേതാക്കളുമായി ശ്രീ മോദി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തി. ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹവുമായും യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികളുടെ മേധാവിമാരുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തിയിരുന്നു. പ്രധാനമന്ത്രിയുടെ യുഎസ് സന്ദർശനം പ്രശംസനീയമാണെന്ന് കേന്ദ്രമന്ത്രിമാരും എൻഡിഎ നേതാക്കളും അഭിപ്രായപ്പെട്ടു.

**************************************

## HEADLINE-2

## JK-SECOND PHASE POLLING (INTRO)

ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. ആറ് ജില്ലകളിലെ 26 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ ജനവിധി തേടുന്നത്.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*രണ്ടാം ഘട്ടത്തിൽ 25.78 ലക്ഷം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. ആകെ 239 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. 3,502 പോളിംഗ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനായി സജ്ജമാക്കിയിട്ടുള്ളത്. സുഗമമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് വെബ് കാസ്റ്റിംഗ് സംവിധാനവും കർശന സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ കോൺഫറൻസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ഒമർ അബ്ദുള്ള, കോൺഗ്രസ് പ്രദേശ് അധ്യക്ഷൻ താരിഖ് ഹമീദ് കർറ, ജമ്മു കശ്മീർ ബിജെപി അധ്യക്ഷൻ രവീന്ദർ റെയ്ന, അപ്നി പാർട്ടി അധ്യക്ഷൻ അൽത്താഫ് ബുഖാരി തുടങ്ങിയവരാണ് ഇന്ന് ജനവിധി തേടുന്നവരിൽ പ്രമുഖർ. വൈകുന്നേരം 6 മണിവരെ വോട്ട് രേഖപ്പെടുത്താം. ജമ്മു കശ്മീരിലെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പ് അടുത്ത മാസം ഒന്നിന് നടക്കും. ഒക്ടോബർ എട്ടിനാണ് വോട്ടെണ്ണൽ.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

*********************************************

## REV DAY JHARKHAND-EC

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ സംസ്ഥാനത്തെ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർമാർ, പോലീസ് സേനാംഗങ്ങൾ, തുടങ്ങിയവരുമായി അവലോകനയോഗം നടത്തി. പണവും മറ്റും നൽകി വോട്ടർമാരെ സ്വാധീനിക്കുന്നത് തടയുന്നതിന് കേന്ദ്ര-

സംസ്ഥാന എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് കമ്മീഷൻ നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

*****************************************

**HEADLINE-3**

## SC - STUDENTS

സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ നടപ്പാക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സുപ്രീം കോടതി നിർദേശം നൽകി. ഇത് സംബന്ധിച്ച് സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും ഏകോപിപ്പിക്കാൻ ദേശീയ ബാലാവകാശ കമ്മീഷനോടും സുപ്രീം കോടതി ആവശ്യപ്പെട്ടു. ജസ്റ്റിസുമാരായ ബി.വി നാഗരത്ന, എൻ കോടീശ്വർ സിങ് എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. മഹാരാഷ്ട്രയിലെ ചില സ്കൂളുകളിൽ അടുത്തിടെ കുട്ടികൾക്കെതിരെ നടന്ന ലൈംഗികാതിക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയുടെ നിർദേശം.

*****************************************

**HEADLINE-4**

## NIRMALA- UZBEKISTAN

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഉസ്ബെക്കിസ്ഥാൻ വ്യാപാര മന്ത്രി ലാസിസ് കുദ്രതോവുമായി ഉസ്ബെക്കിസ്ഥാനിലെ സമർകണ്ടിൽ കൂടിക്കാഴ്ച നടത്തി. ഇന്ന് നടക്കുന്ന Asian Infrastructure Investment Bank ഗവർണർമാരുടെ യോഗത്തിന് മുന്നോടിയായാണ് കൂടിക്കാഴ്ച നടത്തിയത്. ഉഭയകക്ഷി വ്യാപാരം, പുനരുപയോഗ ഊർജ്ജം എന്നീ മേഖലകൾ സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ഇന്ത്യ - ഉസ്ബെക്കിസ്ഥാൻ ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയുമായി ബന്ധപ്പെട്ട കരാറിന്റെ വിജയം ഇരു മന്ത്രിമാരും

അംഗീകരിച്ചതായി ധനമന്ത്രാലയം അറിയിച്ചു. റുപെ കാർഡും യുപിഐ സംവിധാനവും ഉൾപ്പെടെ ഇന്ത്യയിലെ ഡിജിറ്റൽ ഇടപാടുകളെ കുറിച്ചും ചർച്ച നടന്നതായി മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

****************************************

## TRIPURA-EXTREMISTS-SURRENDER

ത്രിപുരയിൽ, നാഷണൽ ലിബറേഷൻ ഫ്രണ്ട് ഓഫ് ത്രിപുര, ഓൾ ത്രിപുര ടൈഗർ ഫോഴ്സ്എന്നീ തീവ്രവാദ സംഘടനകളിൽ പ്രവർത്തിച്ച 500-ലധികം പേർ കീഴടങ്ങി. ആയുധങ്ങളും വെടിക്കോപ്പുകളും സംഘം സർക്കാരിന് കൈമാറി. ത്രിപുര മുഖ്യമന്ത്രി മണിക് സാഹ, ചീഫ് സെക്രട്ടറി, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിലാണ് കീഴടങ്ങൽ.

****************************************

## VICE-PRESIDENT-UTTAR PRADESH

ഉത്തർപ്രദേശ് രാജ്യാന്തര വ്യാപാര മേള ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഉദ്ഘാടനം ചെയ്യും. രാജ്യാന്തര വ്യാപാര മേളയുടെ രണ്ടാം പതിപ്പാണ് ഇന്ന് മുതൽ ഈ മാസം 29 വരെ നടക്കുക. മേളയിൽ ഉത്തർപ്രദേശിന്റെ വ്യാപാരവും സംസ്കാരവും പ്രദർശിപ്പിക്കുന്നതിനൊപ്പം വിയറ്റ്നാമിനെ പങ്കാളിത്ത രാജ്യമായി ഉയർത്തിക്കാട്ടുകയും ചെയ്യും.

****************************************

## SC-PUNJAB NRI QUOTA

പഞ്ചാബ് മെഡിക്കൽ കോളേജുകളിൽ എൻ ആർ ഐ ക്വാട്ട വർദ്ധിപ്പിച്ച നടപടിയിൽ സുപ്രീംകോടതി അതൃപ്തി അറിയിച്ചു. ഇത്തരം നടപടികൾ പിൻ വാതിൽ പ്രവേശനങ്ങളിലേക്ക് നയിക്കുമെന്നും മികച്ച മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ

അവസരം നഷ്ടമാക്കുമെന്നും പരമോന്നത കോടതി നിരീക്ഷിച്ചു. മെഡിക്കൽ പ്രവേശനത്തിൽ എൻ ആർ ഐ ക്വാട്ട വിപുലീകരിക്കാനുള്ള സർക്കാർ വിജ്ഞാപനം റദ്ദാക്കിയ പഞ്ചാബ് - ഹരിയാന ഹൈക്കോടതി ഉത്തരവ് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ സുപ്രീംകോടതി തള്ളി.

****************************************

**HEADLINE-5**

## NIPAH

കേരളത്തിൽ 16 പേരുടെ നിപ പരിശോധനാ ഫലം കൂടി നെഗറ്റീവ് ആയി. സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 94 പേരുടെ ക്വാറന്റയിൻ ഇന്ന് അവസാനിക്കും. മലപ്പുറത്ത് രോഗബാധിത മേഖലയിൽ ഉൾപ്പെടുത്തിയ കണ്ടെയിൻമെന്റ് സോൺ നിയന്ത്രണം ജില്ലാ കളക്ടർ പിൻവലിച്ചു. അതേസമയം രോഗലക്ഷണങ്ങളുമായി ഒരാളെ ഇന്നലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

****************************************

## MODI 3.0 - GIVING WINGS TO YUVA SHAKTI - 100 DAYS

മൂന്നാം തവണയും അധികാരത്തിലെത്തി 100 ദിവസങ്ങൾ പൂർത്തിയാക്കിയ നരേന്ദ്ര മോദി സർക്കാർ അടിസ്ഥാന സൗകര്യം, കർഷകർ, മധ്യ വർഗം, സ്ത്രീകൾ, യുവാക്കൾ എന്നിവയ്ക്കായി 15 ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചത്. യുവാക്കളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് നൈപുണ്യ വികസനത്തിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും 2 ലക്ഷം കോടി രൂപയുടെ പാക്കേജാണ് ആവിഷ്കരിച്ചത്. ഇതിന്റെ പ്രയോജനം രാജ്യത്തെ 4 കോടി യുവാക്കൾക്ക് ലഭിക്കും.

****************************************

## RAHUL RALLY- JK POLL

ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി ദേശീയ പാർട്ടികൾ. കോൺഗ്രസിന്റെ മുതിർന്ന നേതാവ് രാഹുൽ ഗാന്ധി ഇന്ന് ഉച്ചയ്ക്ക് ജെകെ റിസോർട്ട് ഗ്രൗണ്ടിൽ നടക്കുന്ന റാലിയിൽ പങ്കെടുക്കുമെന്ന് ജമ്മുകശ്മീർ പാർട്ടി വൃത്തങ്ങൾ അറിയിച്ചു. കോൺഗ്രസ് - നാഷണൽ കോൺഫറൻസ് സഖ്യമാണ് ഇത്തവണ ജമ്മുകശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്.

****************************************

HEADLINE-6

## ISRAEL-LEBANON

ലെബനനിൽ ഇസ്രേയൽ നടത്തിയ വ്യോമാക്രമണത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 558 പേർ മരിച്ചതായി ലെബനീസ് ആരോഗ്യമന്ത്രാലയം. രണ്ടായിരത്തോളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രദേശത്ത് സംഘർഷാവസ്ഥ തുടരുകയാണ്. സംഘർഷ സാഹചര്യം അന്താരാഷ്ട്ര സമൂഹത്തിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്നും ലെബനൻ "മറ്റൊരു ഗസയായി മാറാൻ" പാടില്ലെന്നും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പ്രതികരിച്ചു. ഇസ്രായേൽ-ഹിസ്ബുള്ള സംഘർഷങ്ങളെ തുടർന്ന് 2006 മുതൽ 20,000-ലേറെ പേരാണ് ലെബനനിൽ സ്വന്തം വീടുകൾ ഉപേക്ഷിച്ച് അഭയകേന്ദ്രങ്ങളിലേക്ക് പലായനം ചെയ്തത്.

****************************************

## SRILANKA PARLIAMENT

ശ്രീലങ്കയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അനുര കുമാര ദിസനായകെ പാർലമെന്റ് പിരിച്ചുവിട്ടു. പുതിയ

പാർലമെന്റ് തിരഞ്ഞെടുപ്പ് നവംബർ 14 ന് നടക്കുമെന്ന് പ്രഖ്യാപിച്ച് പ്രത്യേക വിജ്ഞാപനമിറങ്ങി. അടുത്ത മാസം 4 മുതൽ 11 വരെ നാമനിർദേശ പത്രികകൾ സമർപ്പിക്കാം. 2020 ഓഗസ്റ്റിലാണ് രാജ്യത്ത് ഏറ്റവും ഒടുവിലായി പൊതുതിരഞ്ഞെടുപ്പ് നടന്നത്.

****************************************

## IMD

രാജ്യത്ത് ശനിയാഴ്ച വരെ കൊങ്കൺ മേഖല, ഗോവ, മധ്യ മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

****************************************

## V SIVANKUTTY

കായിക വകുപ്പിന്റെ ഒരു സ്കൂൾ ഒരു ഗെയിം പദ്ധതിയ്ക്ക് ഇന്ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ എച്ച് എസ് എസിൽ തുടക്കമാകും. പദ്ധതിയുടെ ഭാഗമായി സ്പോട്സ് ബിസിനസ് രംഗത്തെ പ്രമുഖരായ ഡെക്കാത്ത്ലണുമായി സഹകരിച്ചുള്ള സ്പോട്സ് കിറ്റ് വിതരണ ഉദ്ഘാടനം കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിക്കും. ജനുവരിയിൽ നടന്ന കായിക ഉച്ചകോടിയിൽ ഡെക്കാത്ത്ലണുമായി ഉണ്ടാക്കിയ ധാരണ പ്രകാരമാണ് സ്പോട്സ് കിറ്റ് വിതരണം.

****************************************

## MALAMPUZHA DAM

മലമ്പുഴ അണക്കെട്ടിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി സ്പിൽവേ ഷട്ടറുകൾ ചെറിയ തോതിൽ തുറക്കുമെന്ന്

അധികൃതർ അറിയിച്ചു. മുക്കൈപ്പുഴ, കൽപ്പാത്തിപ്പുഴ, ഭാരതപ്പുഴ എന്നിവയുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

****************************************

## RAJNATH - INDIAN COAST GUARD

ഇന്ത്യൻ തീരസംരക്ഷണ സേനയുടെ കമാൻഡേഴ്സ് കോൺഫറൻസിന്റെ 41-ാം പതിപ്പ് ന്യൂഡൽഹിയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു. വിശാലമായ സമുദ്രാതിർത്തിയുള്ള രാജ്യത്തിന്റെ മുൻനിര കാവൽക്കാരാണ് ഇന്ത്യൻ തീരസംരക്ഷണ സേനയെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു. തീവ്രവാദം, ആയുധക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, മനുഷ്യക്കടത്ത് തുടങ്ങിയവ തടയുന്നതിൽ സമാനതകളില്ലാത്ത പ്രവർത്തനമാണ് തീരസംരക്ഷണ സേന കാഴ്ചവെയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അതിവേഗം വികസിക്കുന്ന ഭൗമരാഷ്ട്രീയ പ്രദേശങ്ങളുടെയും സമുദ്ര സുരക്ഷാ വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ തന്ത്രപരവും ഭരണപരവുമായ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയായി.

****************************************

## GULFOOD GREEN EVENT

ആഗോള ഭക്ഷ്യ-പാനീയ വ്യവസായ പ്രദർശന വിപണന മേള-ഗൾഫുഡ് ഗ്രീൻ ഇവന്റിന് ദുബായ് വേദിയാകും. വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന പരിപാടിയിൽ ഭക്ഷ്യ-പാനീയ വ്യവസായ മേഖലയിലെ അന്താരാഷ്ട്ര കമ്പനികൾ പങ്കെടുക്കും. ഭക്ഷ്യ മേഖലയിലെ സുസ്ഥിരമായ സമ്പ്രദായങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യകൾ, പരിവർത്തന പ്രവണതകൾ എന്നിവ മേളയിൽ അവതരിപ്പിക്കും. ഇന്ത്യൻ പവലിയനിലെ പ്രദർശനത്തിൽ ഭക്ഷ്യ-കാർഷിക ഉൽപന്നങ്ങളുടെ വൈവിധ്യമാർന്ന നിര ഉൾക്കൊള്ളിച്ചിട്ടുണ്ട്.

*

********************

***********************************************************